**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി - വനം സംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ പാലക്കാട് ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; | (എ) | 2022-23 വർഷത്തിൽ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൻ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അനുമതി നല്കിയിട്ടുള്ളതിൻ പ്രകാരം പാലക്കാട് ജില്ലയിൽ 740.44 ലക്ഷം രൂപയുടെ പ്രവർത്തങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ഗ്രീൻ ഇന്ത്യമിഷന്റെ പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സാമൂഹ്യ-സാമ്പത്തിക പരിഗണനകളുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. രണ്ടാമതായി വന സാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കുവാനുള്ള സാധ്യത, ജൈവ വൈവിധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന സൂക്ഷ്മ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി വന മേഖലയും, വനേതര മേഖലയും തെരഞ്ഞെടുത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു.<br><br>എല്ലാ വർഷവും ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിക്കു കീഴിൽ വിവിധ ഉപദൗത്യങ്ങളിലായി നീർത്തടാധിഷ്ഠിതമായി ഉൾപ്പെടുത്താവുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഉചിതമായ പ്രവർത്തനങ്ങൾ കണ്ടെത്തി അതാത് നിർവഹണ |

| | | | |
|---|---|---|---|
| | | | വന സംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ മൈക്രോപ്ലാനിൽ ഉൾപ്പെടുത്തി വിവിധ വന വികാസ ഏജൻസികൾ (FDAs) സമർപ്പിക്കുന്ന വാർഷിക കർമ്മ പദ്ധതികൾ സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസി (SFDA, Kerala) ക്രോഡീകരിച്ച് കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. തുടർന്ന് വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധന സഹായവും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി വിവിധ വന വികസന ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു.<br><br>2022-23 വർഷത്തിൽ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൻ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് ഭേദഗതികളോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നല്കിയിട്ടുള്ളതാണ്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇനിയും പുതിയ നിർദ്ദേശങ്ങൾ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ